# കേരള സർവകലാശാല

## തിരുവനന്തപുരം- 34

നമ്പർ : HQ/TREE-AUCTION/09-01/17

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം
തിരുവനന്തപുരം
20/01/2018

### മരം വില്പന -പുനർ ലേല പരസ്യം

കേരള സർവകലാശാലയുടെ കുമാരപുരം അദ്ധ്യാപന പരിശീലന കേന്ദ്രത്തിലെ പ്രധാന കെട്ടിടത്തിലേക്ക് ചാഞ്ഞു നിൽകുന്ന ഒരു മഴ മരം കെട്ടിടങ്ങൾക്കും വസ്തു വകകൾകും നാശനഷ്ടമുണ്ടാക്കാതെ മുറിച്ചുമാറ്റി വേരോടെ നീക്കം ചെയ്യുന്നതിന് വേണ്ടി ഒരു പുനർ ലേലം ജനുവരി 30 ചൊവ്വാഴ്ച (30.01.2018)രാവിലെ 11 മണിയ്ക്ക് പാളയത്തുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ വച്ച് നടത്തുന്നതാണ്

ലേലത്തിൽ പങ്കെടുക്കാൻ താൽപര്യംഉള്ളവർ തിരിച്ചറിയൽ രേഖയും (പകർപ്പ് സഹിതം) നിരതദ്രവ്യവുമായി അസിസ്റ്റന്റ് എഞ്ചിനീയർ, ഹെഡ്ക്വാർട്ടേർസ് സെക്ഷന്, തിരുവനന്തപുരം എന്ന പേരിൽ ഏതെങ്കിലും അംഗീകൃത ബാങ്കിൽ നിന്നും എടുത്ത 600/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം പ്രസ്തുത സ്ഥലത്തും സമയത്തും നേരിട്ട് ഹാജരാകേണ്ടതും ലേല നടപടികളിൽ പങ്ക് കൊള്ളേണ്ടതുമാണ്. മരം മുറിച്ച് മാറ്റി വിലയ്ക്കെടുക്കുന്നതിനു ക്വട്ടേഷൻ സമർപ്പിക്കാനാഗ്രഹിക്കുന്നവര് വെള്ള പേപ്പറിൽ തയ്യാറാക്കിയ ക്വട്ടേഷനുകളോടൊപ്പം തിരിച്ചറിയൽ രേഖയുടെ പകർപ്പും മേൽ സൂചിപ്പിച്ച 600/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം മുദ്ര വച്ച കവറിനുള്ളിൽ 2018 ജനുവരി 30 രാവിലെ 10 മണിക്ക് മുൻപ് ലഭിക്കത്തക്ക വിധത്തിൽ നേരിട്ടോ തപാൽ മാർഗമോ സമർപ്പിക്കേണ്ടതാണ്.

ക്വട്ടേഷനുകൾ ലേല നടപടികൾക്ക് ശേഷം ഹാജരായവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടിയ തുകയ്ക്ക് ലേലം/ക്വട്ടേഷൻ നല്കുന്നയാൾക്ക് രജിസ്ട്രാറുടെ അനുമതിക്ക് വിധേയമായി സ്ഥിരപ്പെടുത്തി നൽകുന്നതും ടിയാൾ സ്ഥിരപ്പെടുത്തി അറിയിപ്പ് തീയതി മുതൽ അഞ്ചു പ്രവൃത്തി ദിവസങ്ങൾക്കകം മുഴുവൻ തുകയും 5 % വന നികുതിയും ആകെ തുകയുടെ 18 % GST യും ഉൾപ്പെടെ അടയ്ക്കേണ്ടതും മരം സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും കെട്ടിടങ്ങൾക്കും വസ്തു വകകൾകും നാശനഷ്ടമുണ്ടാക്കാതെ മുറിച്ചുമാറ്റി വേരും ചില്ലകളും ഉൾപ്പെടെ നീക്കം ചെയ്യേണ്ടതുമാണ്.

യാതൊരു കാരണവും കൂടാതെ ക്വട്ടെഷനുകൾ/ലേലം നിരസിക്കുന്നതിനുള്ള അവകാശം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനില് നിക്ഷിപ്തമായിരിക്കും.

തിരുവനന്തപുരം

അസിസ്റ്റന്റ് എഞ്ചിനീയർ